**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 105** **16-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആകെ പോലീസ് സ്റ്റേഷനുകളുടെ എണ്ണം എത്രയാണെന്നും ഇവയിൽ എത്ര സ്റ്റേഷനുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ആകെ 555 പോലീസ് സ്റ്റേഷനുകളാണ് നിലവിൽ ഉള്ളത്. ഇവയിൽ 38 പോലീസ് സ്റ്റേഷനുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നത്. |
| (ബി) | എത്ര പോലീസ് സ്റ്റേഷനുകളിൽ ശിശു സൗഹൃദ കേന്ദ്രം കൂടി ഉൾപ്പെടുന്നുവെന്നും ഇവയിലൂടെ കുട്ടികൾക്ക് പോലീസ് വിഭാഗത്തിന്റെ മഹത്വം മനസ്സിലാക്കാനുള്ള എന്തൊക്കെ അവസരങ്ങളാണ് നടപ്പാക്കി വരുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | 148 പോലീസ് സ്റ്റേഷനുകളാണ് ശിശു സൗഹൃദ കേന്ദ്രമായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ സ്റ്റേഷനുകളിലെ പോലീസുകാർക്ക് കുട്ടികളുടെ മാനസികാവസ്ഥ മനസിലാക്കി കൊണ്ട് കുട്ടികളോട് സംവദിക്കുന്നതിനും മറ്റുമായി പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. കുട്ടികളുടെ സുരക്ഷയും സംരക്ഷണവും വർദ്ധിപ്പിക്കുക, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുക, കുട്ടികൾക്ക് ചുറ്റും സുരക്ഷയുടെയും സ്നേഹത്തിന്റെയും മതിലുകൾ തീർക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളുമായാണ് കേരളാ പോലീസ് ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുള്ളത്. ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളിൽ കുട്ടികൾക്കെതിരെയുള്ള എല്ലാ പരാതികളിലും വളരെപ്പെട്ടെന്ന് നടപടികൾ എടുക്കാറുണ്ട്. എന്താണ് പോലീസ് സ്റ്റേഷന്റെ പ്രവർത്തനം എന്ന് കുട്ടികൾ മനസിലാക്കുന്നതിനായി സ്കൂളുകളിൽ നിന്ന് പരമാവധി കുട്ടികളെ സ്റ്റേഷനിലെത്തിക്കുകയും ആയതിലൂടെ പോലീസ് സ്റ്റേഷനുകളിൽ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് നിർഭയമായി കടന്ന് വരുന്നതിനുള്ള അവസരങ്ങൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനിലൂടെ നൽകി വരുന്നുണ്ട്. |
| (സി) | അഗതികൾക്ക് ദിവസേന സൗജന്യഭക്ഷണം നൽകി വരുന്നതും മത്സര പരീക്ഷാപരിശീലനം നൽകിവരുന്നതും പൊതുവായനശാലകൾ നടത്തി വരുന്നതുമായ പോലീസ് സ്റ്റേഷനുകളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | അഗതികൾക്ക് ദിവസേന സൗജന്യഭക്ഷണം നൽകി വരുന്നതും മത്സര പരീക്ഷാപരിശീലനം നൽകിവരുന്നതും പൊതു വായനശാലകൾ നടത്തി വരുന്നതുമായ പോലീസ് സ്റ്റേഷനുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **പോലീസ് ജില്ല** | **അഗതികൾക്ക് ദിവസേന സൗജന്യഭക്ഷണം നൽകി വരുന്നതും മത്സര പരീക്ഷാപരിശീലനം നൽകിവരുന്നതും പൊതുവായനശാലകൾ നടത്തി വരുന്നതുമായ പോലീസ് സ്റ്റേഷനുകളുടെ ജില്ല തിരിച്ചുള്ള വിവരം** |
|---|---|
| തിരുവനന്തപുരം സിറ്റി | തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട് സബ്ബ് ഡിവിഷനിലെ ഫോർട്ട്, വിഴിഞ്ഞം എന്നീ പോലീസ് സ്റ്റേഷനുകളിൽ കുട്ടികൾക്ക് മത്സരപരീക്ഷാപരിശീലനം നടത്തി വരുന്നതും കൂടാതെ പൂജപ്പുര പോലീസ് സ്റ്റേഷനിൽ ഒരു വായനശാലയും പ്രവർത്തിച്ചുവരുന്നു. |
| തിരുവനന്തപുരം റൂറൽ | തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് യൂണിറ്റിലെ പാങ്ങോട് പോലീസ് സ്റ്റേഷനിൽ ഉദ്യോഗാർത്ഥികൾക്കായി മത്സരപരീക്ഷ പരിശീലനം നടത്തിവരുന്നു. |
| കൊല്ലം സിറ്റി | സീനിയർ സിറ്റിസൺ ഹെൽപ്പ് ലൈൻ പ്രവർത്തനം എല്ലാ പോലീസ് സ്റ്റേഷനുകളിലും നടന്ന് വരുന്നു. അഗതികൾക്ക് സൗജന്യ ഭക്ഷണം പ്രത്യേക ദിവസങ്ങളിൽ പോലീസ് സ്റ്റേഷനിലെ കൂട്ടായ്മയുടെ സഹായത്തോടെ നടത്തി വരാറുണ്ട്. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ പോലീസ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ പുസ്തക ശേഖരണം നടത്തി കൊല്ലം പുള്ളിക്കട കോളനിയിൽ ഒരു വായനശാല നടത്തി വരുന്നു. ഇതിൽ മത്സര പരീക്ഷാർത്ഥികൾക്ക് വേണ്ടി പ്രത്യേക വിഭാഗവും പ്രവർത്തിക്കുന്നു. കൂടാതെ കൊല്ലം സിറ്റി ഡി.എച്ച്.ക്യൂ വിൽ ലൈബ്രറി കൗൺസിലിന്റെ സഹായത്തോടെ ശബ്ദിനികേതൻ എന്ന പേരിൽ ഒരു ഗ്രന്ഥശാല പ്രവർത്തിച്ച് വരുന്നു. കണ്ണനല്ലൂർ പോലീസ് സ്റ്റേഷനിൽ പൊതു ഇടം സജ്ജീകരിച്ച് ഒരു വായന ശാലയും പ്രവർത്തിച്ച് വരുന്നു. |
| തൃശ്ശൂർ റൂറൽ | തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ കൊടുങ്ങല്ലൂർ സബ് ഡിവിഷൻ ഓഫീസിൽ വിദ്യർത്ഥികൾക്കുള്ള ബുക്ക് ബാങ്ക് പ്രവർത്തിക്കുന്നതും വിദ്യാർത്ഥികൾ അവരുടെ പഠനത്തിനു ശേഷം ടെക്സ്റ്റ് ബുക്കുകൾ ബുക്ക് ബാങ്കിലേയ്ക്ക് സംഭാവന ചെയ്യുകയും അത് നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പേരും വിലാസവും രജിസ്റ്ററിൽ രേഖപ്പെടുത്തി അവരുടെ ആവശ്യാനുസരണം ഓഫീസിൽ നിന്നും കൊണ്ടു പോകാവുന്നതുമാണ്. ഇതിന്റെ പ്രവർത്തനം നല്ല രീതിയിൽ നടന്നു വരുന്നുണ്ട്. |
| കോഴിക്കോട് സിറ്റി | കോഴിക്കോട് സിറ്റിയിൽ മാറാട് പോലീസ് സ്റ്റേഷൻ കെട്ടിടത്തിൽ ഒരു ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. പ്രദേശവാസികളായ വിദ്യാർത്ഥികൾ ലൈബ്രറി ഉപയോഗിച്ച് വരുന്നുണ്ട്. |
| കോഴിക്കോട് റൂറൽ | കോഴിക്കോട് റൂറൽ ജില്ലയിലെ എടച്ചേരി പോലീസ് സ്റ്റേഷനിൽ അഗതികൾക്കായി പൊതു വായനശാല നടത്തി വരുന്നുണ്ട്. |
| വയനാട് | ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷൻ പരിധികളിൽ വെച്ച് ട്രൈബൽ വിഭാഗത്തിലെ കുട്ടികൾക്ക് മത്സര പരീക്ഷാ പരിശീലനവും പഠന വസ്തുക്കൾ വിതരണം ചെയ്യും പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |
| കണ്ണൂർ സിറ്റി | കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ദിവസവും സൗജന്യ ഭക്ഷണം നൽകി വരുന്നുണ്ട്. കൂടാതെ തലശ്ശേരി, പാനൂർ പോലീസ് സ്റ്റേഷനുകളിൽ മത്സര പരീക്ഷകളിൽ വിജയിക്കാൻ പരിശീലനം നല്കി വരുന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ